# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3648** — **02-03-2023 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. ബസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഇലക്ട്രിക്ക് ബസുകൾ സർവീസിനായി ഉപയോഗിക്കുന്നുണ്ട് ; വിശദാംശം അറിയിക്കുമോ; | (എ) | KIIFB ധന സഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ KSRTC-SWIFT മുഖാന്തിരം വാങ്ങുകയും, ടി ബസുകൾ KSRTC ലീസ് അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിക്കുന്നു. |
| (ബി) | നിരത്തിലിറക്കി സർവീസ് നടത്താൻ കഴിയുന്ന എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് നിലവിലുണ്ടെന്നതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ; ആയതിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം അറിയിക്കാമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നിരത്തിലിറക്കി സർവ്വീസ് നടത്താൻ കഴിയുന്ന 5422 ബസ്സുകൾ ഉണ്ട്. (5266 കെ.എസ്.ആർ.ടി.സി. + 156 കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ്).<br><br>2023 ഫെബ്രുവരി 20-ലെ കണക്ക് അനുസരിച്ച് 4243 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖല സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയ ബസ്സുകളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി National Institute of Physical Medicine and Rehabilitation (NIPMR) എന്ന സ്ഥാപനത്തിന് 2021 ഡിസംബർ മുതൽ 1 ബസും, Kerala Minerals and Metals Ltd (KMML) എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ യാത്രാ സൗകര്യത്തിനായി 2021 ഡിസംബർ മുതൽ കെ.എസ്.ആർ.ടി.സി.യുടെ 10 ബസുകൾ പ്രതിമാസവാടകയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ